**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3612** **08.11.2019-ൽ മറുപടിയ്ക്ക്**

## സോളാർ യാത്രാ ബോട്ട് സർവ്വീസ്

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ. മാണി സി. കാപ്പൻ** | **ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)** |
| (എ) | ജലഗതാഗത വകുപ്പ് സോളാർ യാത്രാ ബോട്ട് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത സോളാർ ബോട്ട് സർവ്വീസ് കൊണ്ട് എന്തൊക്കെ നേട്ടങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ? | ഉണ്ട്. ജലഗതാഗത രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യയിൽതന്നെ ആദ്യമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്നതും 75 പാസഞ്ചർ കപ്പാസിറ്റിയുള്ളതുമായ യാത്രാ ബോട്ട് ഉപയോഗിച്ച് 12/01/2017 മുതൽ വകുപ്പിന്റെ വൈക്കം - തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. പരിസ്ഥിതി സൗഹൃദപരവും മലിനീകരണ വിമുക്തവുമായ രീതിയിലേക്ക് ഉൾനാടൻ ജലഗതാഗതത്തെ മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ച ഈ ബോട്ട്, വിജയകരമായി സർവ്വീസ് നടത്തിവരുന്നു. സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ച് ടി ഫെറി സർവ്വീസ് നടത്തുന്നതിന് പ്രതിദിനം ഏകദേശം 60 മുതൽ 65 ലിറ്റർ വരെ ഡീസൽ ആവശ്യമായി വരുന്നിടത്ത് സോളാർ ബോട്ട് ഉപയോഗിക്കുന്നത് മൂലം അത്രത്തോളം ഡീസൽ ലാഭിക്കുവാൻ സാധിക്കുന്നുണ്ട്. സോളാർ ബോട്ട് സർവ്വീസ് ആരംഭിച്ചിട്ട് 3 വർഷം പിന്നിടുമ്പോൾ ഏകദേശം 50 ലക്ഷത്തോളം രൂപ ഡീസൽ വാങ്ങുന്ന ഇനത്തിൽ ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ബോട്ടായതിനാൽ ഡീസൽ ഉപയോഗിക്കുന്നതുമൂലമുള്ള ജലമലിനീകരണം ഉണ്ടാകുന്നില്ല. |

**സെക്ഷൻ ഓഫീസർ**